# Athmaraksha.org

ഈശോയുടെ തിരുരക്ത ജപമാല-ജൂലൈ

## ഈശോയുടെ തിരുരക്ത ജപമാല ഭക്തിപൂർവ്വം ചൊല്ലുന്നവർക്കുള്ള വാഗ്ദാനങ്ങൾ




ജൂലൈ മാസം ആഗോള കത്തോലിക്ക സഭ യേശുവിന്റെ തിരുരക്തത്തോടുള്ള ഭക്തിയ്ക്ക് പ്രാധാന്യം നല്കാൻ ആഹ്വാനം ചെയ്തിട്ടുണ്ട്. തിരുരക്തത്തോടുള്ള ഭക്തി വിശുദ്ധിയിലേക്കുള്ള വിളിയാണ്. സാത്താനും അശുദ്ധാത്മാക്കൾക്കും എതിരായുള്ള അത്യന്തികമായ ആയുധമാണ് തിരുരക്തത്തോടുള്ള ഭക്തി. തന്റെ ഏകജാതനെ തന്നെ കുരിശിൽ ബലിയായി നല്കി കൊണ്ട് നമ്മോടുള്ള തന്റെ സ്നേഹത്തിന്റെ വലിപ്പം കാണിച്ച തന്ന പിതാവായ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുള്ള ഒരു മാർഗ്ഗമാണ് തിരുരക്ത ജപമാല.

## ഈശോയുടെ തിരുരക്ത ജപമാല ഭക്തിപൂർവ്വം ചൊല്ലുന്നവർക്കുള്ള വാഗ്ദാനങ്ങൾ

1. ഇത് ചൊല്ലുന്നവർക്ക് സകലവിധ തിന്മയുടെ ആക്രമണങ്ങളിൽ നിന്നും ഞാൻ സംരക്ഷണം വാഗ്ദാനം ചെയ്യുന്നു.
2. ഞാൻ അവരുടെ പഞ്ചേന്ദ്രിയങ്ങളെ കോട്ടകെട്ടി സംരക്ഷിക്കും.
3. ഞാൻ അവനെ പെട്ടെന്നുള്ള മരണത്തിൽനിന്നും രക്ഷിക്കും.
4. അവരുടെ മരണത്തിന് 12 മണിക്കൂർ മുമ്പ് എന്റെ തിരുരക്തം അവർ പാനം ചെയ്യുകയും തിരുശരീരം ഭക്ഷിക്കുകയും ചെയ്യും.
5. മരണത്തിന് 24 മണിക്കൂർ മുൻപ് തങ്ങളുടെ പാപങ്ങളെക്കുറിച്ചുള്ള യഥാർത്ഥ മനസ്താപം ഉണ്ടാകുന്നതിനും അവയെക്കുറിച്ച് പൂർണമായ അറിവുണ്ടാകുന്നതിനും വേണ്ടി എന്റെ അഞ്ചു തിരുമുറിവുകളെയും ഞാൻ അവർക്ക് കാണിച്ചുകൊടുക്കും.
6. ഇതുപയോഗിച്ച് നൊവേന ചൊല്ലുന്നവർക്ക് തങ്ങളുടെ ആവശ്യങ്ങൾ നിഷേധിക്കപ്പെടുകയില്ല. അവരുടെ പ്രാർത്ഥന ഉറപ്പായി കേൾക്കും.
7. ഇതുവഴിയായി അനേകം അത്ഭുതങ്ങൾ ഞാൻ പ്രവർത്തിക്കും.
8. ഇതിലൂടെ പല രഹസ്യസമൂഹങ്ങളെയും ഞാൻ തകർക്കുകയും എന്റെ കരുണയാൽ അനേകം ആത്മാക്കളെ അടിമത്തത്തിൽ നിന്നു സ്വാതന്ത്ര്യത്തിലേക്ക് നയിക്കുകയും ചെയ്യും.
9. ഇത് വഴിയായി അനേകം ആത്മാക്കളെ ശുദ്ധീകരണ സ്ഥലത്ത് നിന്ന് ഞാൻ മോചിപ്പിക്കും.
10. ഈ ജപമാലയിലൂടെ എന്റെ തിരുരക്തത്തെ ബഹുമാനിക്കുന്ന ഏവരെയും എന്റെ വഴികളെ

ഞാൻ പഠിപ്പിക്കും. എന്റെ തിരുരക്തത്തോടും തിരുമുറിവുകളോടും കരുണയുള്ളവരോട് ഞാനും കരുണ കാണിക്കും. ഈ പ്രാർത്ഥന മറ്റൊരാളെ പഠിപ്പിക്കുന്നവർക്ക് നാലു വർഷത്തേക്ക് ദണ്ഡവിമോചനം ലഭിക്കുന്നതാണ്.
നമ്മുക്കും ഈശോയുടെ തിരുരക്ത ജപമാല ചൊല്ലി പ്രാർത്ഥിക്കാം

+++